തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡ് വികസനം

63 [615] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡ് വികസന വുമായി ബന്ധപ്പെട്ട് സതേൺ എയർ കമാൻഡന്റുമായി എന്തെങ്കിലും ധാരണകൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ റോഡ് വികസനത്തിനായി എത്ര തുക വകക്കൊള്ളിച്ചിട്ടുണ്ട്;

(ഡി) ഈ റോഡിലെ ഏതെങ്കിലും ഭാഗം വികസിപ്പിക്കുന്നതിനായി കരാർ ഉറപ്പിച്ച് നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കരാർ പ്രകാരം നടക്കേണ്ട പണികൾ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(എഫ്) ഉള്ളൂർ-ആക്കുളം-കുഴിവിള റോഡ് വികസനത്തിനായി എത്ര ഹെക്ടർ സ്വകാര്യഭൂമി ആവശ്യമായിവരുമെന്ന് വ്യക്തമാക്കുമോ;

(ജി) തലസ്ഥാന മേഖലയിലെ വളരെ പ്രധാനപ്പെട്ട ഈ പാതയുടെ വികസന പദ്ധതി 2004 ആഗസ്റ്റിനു മുമ്പ് പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉള്ളൂർ-ആക്കുളം-കുഴിവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് സതേൺ എയർ കമാൻഡന്റുമായി ഉണ്ടാക്കിയ ധാരണയനുസരിച്ച് സ്ഥലം അളന്ന് തിട്ട പ്പെടുത്തുന്നതിന് സ്പെഷ്യൽ തഹസിൽദാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപ്പുവർഷം ഇതിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി, ഇ) കി. മീ. 0/810 മുതൽ 1/120 വരെയുള്ള ഭാഗത്തെ പണികൾക്ക് കരാർ ആയിട്ടുണ്ട്. ഭൂമി വിട്ടുകിട്ടുന്നതിനുള്ള കാലതാമസംമൂലമാണ് പണികൾ വൈകുന്നത്.

(എഫ്) 4.16 ഹെക്ടർ.

(ജ) കരാർ ഉറപ്പിച്ച് ഭാഗത്തെ പണികൾ 2004 ആഗസ്റ്റിന് മുമ്പ് പൂർത്തീകരി ക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly